പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5295. 05-07-2012 ന് മറുപടിയ്ക്ക്

## സുവോളജിക്കൽ പാർക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് :<br>ശ്രീ. പി. ഉബൈദുള്ള :<br>ശ്രീ. എൻ. ഷംസുദ്ദീൻ :<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ: | ശ്രീ. കെ.ബി. ഗണേഷ് കുമാർ.<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി ) |
| എ) സംസ്ഥാനത്ത് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു സുവോളജിക്കൽ പാർക്ക് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; | എ) ഉണ്ട്. |
| ബി) എങ്കിൽ ഇതിനാവശ്യമായ ഫണ്ട് ഏതു വിധത്തിൽ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ; | ബി) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| സി) ഇതിന് അനുയോജ്യമായ പ്രദേശം ഏതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ ആയത് | സി) തൃശ്ശൂർ ടൗണിൽ നിന്നും ഉദ്ദേശം 12 കിലോമീറ്റർ അകലെ പുത്തൂർ എന്ന സ്ഥലത്തുള്ള 136 ഹെക്ടർ വനപ്രദേശമാണ് പുതിയ സുവോളജിക്കൽ പാർക്ക് സ്ഥാപിക്കുന്ന |

...2

തീരുമാനിക്കുന്നതിന് പരിഗണിക്കുന്ന മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ ?

തിനായി തെരഞ്ഞെടുത്തിട്ടുള്ളത്. പ്രസ്തുത സ്ഥലം തെരഞ്ഞെടുത്തതിന്റെ മാനദണ്ഡങ്ങൾ ചുവടെ വിവരിക്കുന്നു.

പക്ഷിമൃഗാദികളെ പ്രകൃതിദത്തമായി പ്രദർശിപ്പിക്കുവാൻ അനുയോജ്യമായ ഭൂപ്രകൃതി, അതിൽ ഇപ്പോൾ നിലവിലുള്ള സസ്യജാലങ്ങൾ, വെള്ളത്തിന്റെ ലഭ്യത, മലിന വസ്തുക്കളുടെ നിർമാർജ്ജനം, വനം വന്യജീവികളുമായി ബന്ധമുള്ള സ്ഥാപനങ്ങളായ കെ.എഫ്.ആർ. ഐ, ഫോറസ്ട്രി കോളേജ്, വെറ്റിനറി കോളേജ്, എന്നിവയുടെ സാമീപ്യം, സ്ഥലവാസികളുടെ പിന്തുണ തുടങ്ങിയവയാണ് പ്രധാനപ്പെട്ട മാനദണ്ഡങ്ങൾ.

സെക്ഷൻ ഓഫീസർ